കേരള സർക്കാർ

**സംഗ്രഹം**

പെൻഷൻ - എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 16.02.2012-ൽ മരണപ്പെട്ട ശ്രീ.കെ.കെ.വിജയൻ നായരുടെ ഭാര്യ ശ്രീമതി.കെ.എൽ.രാധാകുമാരി അമ്മയ്ക്ക് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (സാധാ)നം.47/2018/ധന തിരുവനന്തപുരം,തീയതി 03.01.2018

---

പരാമർശം:- (1) എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറലുടെ 04.11.2017-ലെ 2927/ ബി3-എസ്റ്റാ/എൻ.സി.സി/2017 നമ്പർ കത്ത്.

(2) 20.01.2016-ലെ സ.ഉ(പി)നം.9/2016/ധന നം. ഉത്തരവ്.

(3) PPO No:30578505.

**ഉത്തരവ്**

31.05.2004-ൽ സർവ്വീസിൽ നിന്നും വിരമിച്ച കെ.കെ.വിജയൻ നായർ എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 16.02.2012-ൽ മരണപ്പെട്ടതിനാൽ പരാമർശം (2) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് ശ്രീമതി.കെ.എൽ.രാധാകുമാരി അമ്മ പരാമർശം (1) പ്രകാരം എൻ.സി.സി അഡീഷണൽ ഡയറക്ടർ ജനറൽ മുഖാന്തിരം ആവശ്യമായ രേഖകൾ സമർപ്പിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 10-ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട കെ.കെ.വിജയൻ നായരുടെ സർവ്വീസ് കാലയളവ് 5 വർഷം ആകയാലും പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാളുടെ ഭാര്യ ശ്രീമതി.കെ.എൽ.രാധാകുമാരി അമ്മയ്ക്ക് 1275/- രൂപ 01.07.2014 മുതൽ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 1275/- രൂപയ്ക്ക് അർഹതപ്പെട്ട ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(.......................2)

3. പ്രസ്തുത പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99" കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജശ്രീ.കെ.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ. ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം.
5. സബ്ട്രഷറി ഓഫീസർ, സബ്ട്രഷറി, മല്ലപ്പള്ളി.
6. ശ്രീമതി.രാധാകുമാരി അമ്മ.കെ.എൽ, വിനുസദനം, മാന്താനം, മല്ലപ്പള്ളി, പത്തനംതിട്ട.
7. The Nodal Officer,www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ